# 9. സ്റ്റാർട്ട് ആക്ഷൻ....

**ആമുഖം**

`ശബ്ദലേഖനം നമ്മുടെ കമ്പ്യൂട്ടറിൽ' എന്ന അധ്യായത്തിൽ ശബ്ദഫയലുകളെ എഡിറ്റ് ചെയ്യാൻ പരിചയപ്പെടുക വഴി സർഗാത്മക പ്രവർത്തനത്തിൽ ഐ.സി.ടി.ടൂളുകളുടെ സാധ്യത വിദ്യാർഥികൾ മനസ്സിലാക്കിക്കഴിഞ്ഞു. ഇതിന്റെ തുടർപഠനമായാണ് ചലച്ചിത്രഫയലുകളെ എഡിറ്റ് ചെയ്യാനുള്ള സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുന്നത്. ഒമ്പതാം ക്ലാസിലെ മലയാളം, ഹിന്ദി വിഷയങ്ങളുടെ പഠനവുമായി ബന്ധപ്പെട്ട് തിരക്കഥകളും ചലച്ചിത്രങ്ങളും വിദ്യാർഥികൾ പരിചയപ്പെടുന്നുണ്ട്. മറ്റ് വിഷയങ്ങളുടെ പഠനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ തിരക്കഥകൾ ഉപയോഗിച്ച് ഹ്രസ്വസിനിമകൾ, വാർത്താചിത്രങ്ങൾ എന്നിവ നിർമ്മിക്കാനും വീഡിയോ എഡിറ്റിംഗ് എന്ന ടെക്നോളജിയെക്കുറിച്ച് അടിസ്ഥാന ധാരണ നൽകാനും ഈ അധ്യായത്തിലെ പഠനപ്രവർത്തനം കൊണ്ട് സാധിക്കണം. ഭാഷാധ്യാപകരുടെയും താൽപര്യമുള്ള മറ്റ് അധ്യാപകരുടെയും സഹകരണത്തോടെ ഇതിന്റെ ആസൂത്രണം നടത്താവുന്നതാണ്.

**പഠന ലക്ഷ്യങ്ങൾ**

- വീഡിയോ എഡിറ്റിംഗിനെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നതിന്
- ചലച്ചിത്ര നിർമ്മാണത്തിലെ പ്രധാനഘട്ടങ്ങളെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നതിന്
- OpenShot Video Editor ഉപയോഗിച്ച് വീഡിയോ എഡിറ്റിംഗ് നിർവഹിക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന്
- വീഡിയോ എഡിറ്റിംഗ് സോഫ്റ്റ്‌വെയറുകളിലെ വീഡിയോ/ഓഡിയോ ട്രാക്കുകളെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നതിന്
- ആശയസംവേദനത്തിനായി ചലച്ചിത്ര ഇഫക്ടുകളെ ഉപയോഗിക്കാമെന്നതിനുള്ള ധാരണ.
- ചലച്ചിത്ര ഫയലുകളിലിൽ ടൈറ്റിലുകൾ ഉൾപ്പെടുത്തുന്നതിനുള്ള ശേഷി ലഭിക്കുന്നതിന്
- എഡിറ്റ് ചെയ്ത വീഡിയോ ക്ലിപ്പുകളെ ഉചിതമായ വീഡിയോ ഫയൽ ഫോർമാറ്റുകളിലേക്ക് എക്സ്പോർട്ട് ചെയ്യാനുള്ള ശേഷി ലഭിക്കുന്നതിന്.

ഒരു ഹ്രസ്വചലച്ചിത്രം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എഡിറ്റ് ചെയ്ത് തയ്യാറാക്കുന്ന പ്രവർത്തനത്തിലൂടെയാണ് ഈ പാഠഭാഗം വിനിമയം ചെയ്യപ്പെടേണ്ടത്. ഭാഷാ, ഐ.സി.ടി. ക്ലാസുകളിൽ കുട്ടികൾ തയ്യാറാക്കിയ തിരക്കഥ ഉപയോഗിച്ച് ദൃശ്യവൽക്കരണം നടത്തിയ വീഡിയോ ഫയലുകളെ എഡിറ്റിംഗിനായി ഉപയോഗിക്കാം. ആവശ്യമായ ഗ്രൂപ്പ്ചർച്ചകൾക്കും മറ്റും തിയറി ക്ലാസുകൾ ഉപയോഗപ്പെടുത്തണം. ഓരോ ഗ്രൂപ്പിന്റെയും പഠനോൽപന്നമായി ഒരു ഹ്രസ്വ ചലച്ചിത്രം ഉണ്ടാവേണ്ടതാണ്. തിരക്കഥ, ഷൂട്ടിംഗ് സ്ക്രിപ്റ്റ് കണ്ടെത്തൽ, പശ്ചാത്തല ശബ്ദം, സംഭാഷണം നൽകൽ എന്നിവ ഗ്രൂപ്പ് പ്രവർത്തനങ്ങളായി നടത്താവുന്നതാണ്.

**Shooting Script - ചിത്രണരേഖ**

തിരക്കഥയുടെ തൊട്ടടുത്ത രചനാ പരിണാമമാണ് ഷൂട്ടിംഗ് സ്ക്രിപ്റ്റ്. ചിത്രീകരിക്കാൻ പോകുന്ന ദൃശ്യങ്ങളുടെ സൂക്ഷ്മ വിവരങ്ങൾ അടങ്ങിയരേഖ. ദൃശ്യവലിപ്പത്തെക്കുറിച്ചുള്ള വിവരണം - ദൂരെ (Long shot), മധ്യ ദൂരത്ത് (Medium shot), അടുത്ത് (Close-up) കഥാപാത്രങ്ങളുടെയും ക്യാമറയുടെയും നീക്കങ്ങൾ, പ്രകാശവത്കരണത്തിന്റെ നിർദ്ദേശങ്ങൾ ഇങ്ങനെ നിരവധി വിശദാംശങ്ങളടങ്ങിയതാണ് ഇത്.

മലയാളം പാഠപുസ്തകത്തിലെ 'ഒരു ചെറുപുഞ്ചിരി', 'മോഡേൺടൈംസ് ആധുനികകാലത്തിന്റെ ഉത്കണ്ഠകൾ', ഹിന്ദി പാഠപുസ്തകത്തിലെ 'ധീസാ' എന്നീ പാഠഭാഗങ്ങളെ ആസ്പദമാക്കി സിനിമ തയ്യാറാക്കുന്നതിനുള്ള ഘട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചർച്ച സംഘടിപ്പിച്ചാണ് ഈ പാഠഭാഗത്തേക്ക് പ്രവേശിക്കേണ്ടത്. ഇതിലെ ചർച്ചാസൂചകങ്ങളായി താഴെ തന്നിരിക്കുന്നവ കൂടി കൂട്ടിച്ചേർക്കാം.

ചർച്ചാസൂചകം :ചലച്ചിത്ര നിർമ്മാണത്തിലെ പ്രധാനഘട്ടങ്ങൾ(TB പേജ് : 75)

- പല സ്ഥലങ്ങളിൽ വച്ച് ചിത്രീകരിച്ച ഫയലുകളെ ഒറ്റ ഫയലാക്കി മാറ്റണം.
- പശ്ചാത്തല ശബ്ദം ഉൾപ്പെടുത്തണം
- ടൈറ്റിലുകൾ ഉൾപ്പെടുത്തണം

ചലച്ചിത്ര നിർമ്മാണത്തിലെ പ്രധാനഘട്ടമാണ് ചിത്രസംയോജനം എന്നുള്ള ക്രോഡീകരണത്തിൻ ശേഷം വീഡിയോ എഡിറ്റിംഗ് സോഫ്റ്റ്‌വെയറുകളെ പരിചയപ്പെടുത്താം. OpenShot Video Editor തുറന്ന് പുതിയ Project Profile തയ്യാറാക്കിയോ നിലവിലുള്ള പ്രൊഫൈൽ ഉപയോഗിച്ചോ വീഡിയോ എഡിറ്റിംഗ് ആരംഭിക്കാവുന്നതാണ്.

**Open shot Video Editor - ഇൻസ്റ്റാൾ ചെയ്യുന്നവിധം**

ഉബുണ്ടു 9.10 മുതലുള്ള പതിപ്പുകളിൽ ഇന്റർനെറ്റിൽ നിന്നും നേരിട്ട് Open shot ഇൻസ്റ്റാൾ ചെയ്യാൻ താഴെ പറയുന്ന കമാന്റുകൾ ഓരോന്നായി ടെർമിനലിൽ ടൈപ്പ് ചെയ്ത് എന്റർ ചെയ്താൽ മതി.

```
sudo add-adapt-repository ppa:jonoomph/openshot-edge

sudo apt-get update

sudo apt-get install openshot openshot-doc
```

കൂടുതൽ വിവരങ്ങൾക്ക് http://www.openshot.org/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Project Profile തെരഞ്ഞെടുക്കുന്ന വിധം.**

എഡിറ്റ് ചെയ്ത വീഡിയോ ക്ലിപ്പുകളെ ഏത് ഫോർമാറ്റിലേക്കാണോ എക്സ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നത്, ആ ഫോർമാറ്റിൽ തന്നെ Project Profile ക്രമീകരിക്കുന്നതാണ് ഉചിതം. ഇങ്ങനെ ചെയ്തില്ലെങ്കിൽ Export ചെയ്യുന്ന വീഡിയോ ഫയലിന്റെ ക്വാളിറ്റി വളരെയധികം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. Project Profile തെരഞ്ഞെടുക്കാൻ സോഫ്റ്റ്‌വെയറിലെ File-New Project ക്രമത്തിൽ ക്ലിക്ക് ചെയ്ത് Project Profile എന്നസ്ഥലത്ത് ഉചിതമായ ഫോർമാറ്റ് സെലക്ട് ചെയ്ത് Save Project നൽകിയാൽ മതി. ടൈംലൈനിന്റെ സമയദൈർഘ്യം (Project Length) എന്നത് 10 മിനിട്ടായി ക്രമീകരിച്ചിട്ടുണ്ടെങ്കിലും പിന്നീട് പ്രോജക്ടിൽ കൂടുതൽ ഫയലുകൾ ഉൾപ്പെടുത്തുന്നതനുസരിച്ച് ദൈർഘ്യം വർധിക്കുന്നതാണ്. മാനുവലായി പുതിയ പ്രൊഫൈൽ ക്രിയേറ്റ് ചെയ്യാൻ Edit-Preferences-Profile -Manage Profiles ക്രമത്തിൽ Profile Manager ജാലകത്തിൽ പ്രവേശിച്ച് Profile എന്നതിന് വലതുഭാഗത്തുള്ള Add(+) ബട്ടണിൽ ക്ലിക്ക് ചെയ്ത് പുതിയ value കൾ നൽകി വിൻഡോ ക്ലോസ് ചെയ്താൽ മതി. വീഡിയോ ഫയലുകളെ ഉയർന്ന ക്വാളിറ്റിയുള്ള DVഫോർമാറ്റിലേക്കാണ് Export ചെയ്യാനുദ്ദേശിക്കുന്നതെങ്കിൽ Default Profile എന്നത് DV PAL എന്ന് തെരെഞ്ഞെടുക്കുക.

എഡിറ്റ് ചെയ്യാനുള്ള ഫയലുകൾ കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യുന്ന പ്രവർത്തനമാണ് ആദ്യം നടക്കേണ്ടത്. ക്യാമറയിൽ നിന്ന് നേരിട്ടോ, വി.സി.ഡി/ ഡി.വി.ഡി/ഹാർഡ് ഡിസ്ക് എന്നിവയിൽ നിന്നോ ഈ ഫയലുകളെ കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യാം. കമ്പ്യൂട്ടറിലേക്ക് പകർത്തേണ്ട ചലച്ചിത്ര ഫയലുകളെ വ്യത്യസ്ത ഗ്രൂപ്പുകൾക്ക് നൽകി ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ ഇത് നിർവഹിക്കാവുന്നതാണ്. ഓരോ കമ്പ്യൂട്ടറിലും സ്പീക്കർ സൗകര്യം ഉണ്ടോ എന്ന് ഉറപ്പ് വരുത്തുകയും വേണം.

**വീഡിയോ ഫയലുകളെ കമ്പ്യൂട്ടറിലേക്ക് കോപ്പിചെയ്യുന്ന വിധം**

കമ്പ്യൂട്ടറിലെ IEEE-1394 Firewire Cards പോർട്ട് വഴിയോ യു.എസ്.ബി. പോർട്ട് വഴിയോ ക്യാമറയിലെ ഫയലുകളെ കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യാം. DV Camera ഉപയോഗിച്ച് നാം ഷൂട്ട് ചെയ്ത വീഡിയോഫയലുകളെ ഉയർന്ന ക്വാളിറ്റിയുള്ള dv ഫോർമാറ്റിൽ തന്നെ കമ്പ്യൂട്ടറിലേക്ക് പകർത്താൻ പ്രത്യേകം capturing device (IEEE-1394 Firewire Card) തന്നെ വേണം. Kino , Kdenlive , dvgrab തുടങ്ങിയവ സോഫ്റ്റ്‌വെയറുകൾ ഇത്തരം capturing device വഴി വീഡിയോ ഫയലുകളെ കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യാൻ സഹായിക്കുന്നു. മുവി ക്യാമറയിലെ ഹാർഡ് ഡിസ്കിൽ സൂക്ഷിച്ചിരിക്കുന്ന ഫയലുകളെ USB പോർട്ട് വഴിയും കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യാം. ഇത്തരം ക്യാമറകൾ കമ്പ്യൂട്ടറിൽ കണക്ട് ചെയ്യുമ്പോൾ തന്നെ ഹാർഡ് ഡിസ്ക് മൗണ്ട് ചെയ്യുകയും ഫയലുകളെ ഫയൽ ബ്രൗസർ വഴി copy & paste രീതിയിൽ കമ്പ്യൂട്ടറിലേക്ക് പേസ്റ്റ് ചെയ്യാവുന്നതുമാണ്.




ചിത്രം 9.1

IEEE-1394 Firewire Card

**VCD യിൽ നിന്നും വീഡിയോ ഫയലുകളെ കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യുന്ന വിധം**

വീഡിയോ ഫയലുകൾ വി.സി.ഡി./ഡി.വി.ഡി, പെൻഡ്രൈവ് എന്നിവയിലേക്ക് പകർത്തി അവയിൽ നിന്നും കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യാമെന്ന് നമുക്കറിയാമല്ലോ ? എന്നാൽ gnu/linux ൽ കോപ്പി പേസ്റ്റ് സങ്കേതം ഉപയോഗിച്ച് Video CD യിലുള്ള വീഡിയോ ഫയലുകളെ (avseqxx.dat) കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യാൻ സാധിക്കില്ല. Video DVD യിൽ നിന്നോ, പെൻഡ്രൈവിൽ നിന്നോ വീഡിയോ ഫയലുകളെ ഈ രീതിയിൽ കോപ്പി ചെയ്യാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഇത്തരം സന്ദർഭങ്ങളിൽ vcdimager എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് Video CD യിലെ ഫയലുകളെ കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യാം. കമാൻഡ് ലൈനിലാണ് ഇത് പ്രവർത്തിപ്പിക്കേണ്ടത്. പ്രവർത്തന ക്രമം താഴെ കൊടുക്കുന്നു.

- vcd ഡ്രൈവിലിടുക.
- വീഡിയോ കോപ്പി ചെയ്യുന്നതിനു വേണ്ടി ഒരു ഫോൾഡർ നിർമ്മിക്കുക (ഉദാ. Desktop ൽ VideoClips എന്ന ഫോൾഡർ.)
- ഈ ഫോൾഡറിനു മുകളിൽ right click ചെയ്ത് terminal തുറക്കുക (Open in Terminal)


- ടെർമിനലിൽ vcdxrip -C /dev/cdrom -p എന്ന കമാൻഡ് ടൈപ്പ് ചെയ്ത് Enter ചെയ്യുക.

copying പൂർത്തിയായാൽ terminal ൽ $ പ്രോംപ്റ്റ് പ്രത്യക്ഷപ്പെടും. അതിനു ശേഷം മാത്രം terminal ക്ലോസ് ചെയ്യുക. അപ്പോൾ ഫോൾഡറിനുള്ളിൽ mpg ഫോർമാറ്റിലുള്ള ഒന്നോ അതിൽ കൂടുതലോ ഫയലുകൾ കാണാം.

**ഫയലുകളെ മുറിക്കാം കൂട്ടിച്ചേർക്കാം**

ഇംപോർട്ട് ചെയ്ത വീഡിയോ ഫയലുകൾ സോഫ്റ്റ്‌വെയറിലെ Project Files എന്ന ഭാഗത്ത് കാണാം. ഇവിടെ നിന്നുമാണ് ടൈംലൈനിലേക്ക് ഫയലുകളെ ഡ്രാഗ് ചെയ്യേണ്ടത്. എഡിറ്റിംഗിനായി ടി.ബി. പേജ് 76 ലെ സൂചനകൾ ഉപയോഗിക്കാം.

**OpenShot-Overview**




ചിത്രം 9.2

1. Main Toolbar – ഫയൽ ഉൾപ്പെടുത്താനും save,undo,export എന്നിവ ചെയ്യാനുമുള്ള ബട്ടണുകൾ
2. Function Tabs- Project Files , Transitions, Effects എന്നീ ടാബുകൾ ഉൾക്കൊള്ളുന്നു.
3. Project Files – ഉൾപ്പെടുത്തിയ വീഡിയോ, ഓഡിയോ, ചിത്രഫയലുകൾ എന്നിവ ഉൾക്കൊള്ളുന്ന ജാലകം.
4. Preview Window
5. Edit Toolbar
6. Zoom Slider – ടൈംലൈനിന്റെ ശോലരെമഹല ക്രമീകരിക്കാൻ സഹായിക്കുന്നു.

7. Ruler - Time-scale കാണാൻ ട്രാക്കിലെ വീഡിയോ ഓഡിയോ ഫയലുകളുടെ സമയദൈർഘ്യം മനസ്സിലാക്കാം.

8. Timeline

ഓരോ ടൂളിനെയും അതത് പഠനപ്രവർത്തനത്തിന്റെ ഘട്ടത്തിലായിരിക്കണം വിദ്യാർഥികൾ പരിചയപ്പെടേണ്ടത്.

**വീഡിയോകൾക്ക് ട്രാൻസിഷൻ നൽകാം**

മുൻക്ലാസുകളിൽ പരിചയപ്പെട്ട ഓപ്പൺ ഓഫീസ് ഇംപ്രസിലെ സ്ലൈഡ് ട്രാൻസിഷൻ സങ്കേതത്തെക്കുറിച്ചുള്ള ധാരണ പുതുക്കിയ ശേഷമാണ് വീഡിയോ എഡിറ്റിംഗിലെ ട്രാൻസിഷൻ ഇഫക്ടിനെ പരിചയപ്പെടുത്തുന്ന ഭാഗം അവതരിപ്പിക്കേണ്ടത്. അതിനായി പാഠഭാഗത്തെ ടി.ബി. പേജ് : 77ൽ പറയുന്ന ചർച്ചകളെ ഉപയോഗപ്പെടുത്താവുന്നതാണ്. ചർച്ചയിൽ താഴെ പറയുന്ന സൂചകങ്ങളെ കൂടി കൂട്ടിച്ചേർക്കാം

**ചർച്ചാസൂചകം 1** : പ്രസന്റേഷൻ കൂടുതൽ ആകർഷകമാക്കാം കൂടുതൽ കൂട്ടിച്ചേർക്കാവുന്നവ

- അക്ഷരങ്ങൾക്ക് നിറം നൽകാം
- സ്ലൈഡുകളിൽ അനുയോജ്യമായ ചിത്രം ഉൾപ്പെടുത്താം
- പശ്ചാത്തലമായി ശബ്ദഫയലുകൾ ഉൾപ്പെടുത്താം.

**ചർച്ചാസൂചകം 2** : സ്ലൈഡുകളിൽ ട്രാൻസിഷൻ ഉപയോഗിക്കുന്നത് കൊണ്ടുള്ള മെച്ചങ്ങൾ കൂടുതൽ കൂട്ടിച്ചേർക്കാവുന്നവ

- അനേകം സ്ലൈഡുകൾക്കിടയിൽ നിന്നും ഒരു സ്ലൈഡ് മാത്രം പ്രത്യേകം പ്രേക്ഷകർ ശ്രദ്ധിക്കാൻ സ്ലൈഡ് ട്രാൻസിഷൻ ഉപയോഗിക്കാം
- പശ്ചാത്തലത്തിൽ സ്ലൈഡ് എത്ര നേരം നിൽക്കണമെന്ന് തീരുമാനിക്കാം.

ഓപ്പൺ ഓഫീസ് ഇംപ്രസിൽ തയാറാക്കിയ ഒരു പ്രസന്റേഷൻ പ്രദർശിപ്പിച്ച് സ്ലൈഡ് ട്രാൻസിഷന്റെ മേന്മകൾ വിദ്യാർഥികളെ ബോധ്യപ്പെടുത്താവുന്നതാണ്.


**ചർച്ചാസൂചകം 3** : സിനിമയിൽ സീൻ മാറുമ്പോൾ മാറ്റം അനുഭവവേദ്യമാക്കാൻ ചെയ്യുന്ന കാര്യങ്ങൾ കൂടുതൽ കൂട്ടിച്ചേർക്കാവുന്നവ.

- വ്യത്യസ്ത രീതിയിലുള്ള ഷോട്ടുകൾ ഉപയോഗിക്കുന്നു.
- വീഡിയോഓഡിയോ ഇഫക്ടുകൾ ഉപയോഗിക്കുന്നു

ട്രാൻസിഷൻ ഇഫക്ടുകൾ ദൃശ്യഭംഗിക്ക് വേണ്ടി മാത്രമല്ല, ആശയസംവേദനത്തിനായും ഉപയോഗിക്കാമെന്ന ധാരണ ഈ ചർച്ചയിലൂടെ കുട്ടികൾക്ക് ലഭിക്കണം. ഇത്തരം സങ്കേതങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന വീഡിയോ ഭാഗങ്ങൾ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തേണ്ടതാണ്. ടി.ബി.യിൽ പരാമർശിച്ചിട്ടുള്ള മോഡേൺ ടൈംസ് എന്ന സിനിമയിലെ ഭാഗം തന്നെ ഉപയോഗിക്കാം. വീഡിയോ ഫയലുകൾ കൂടിച്ചേരുന്ന എല്ലാ സ്ഥലത്തും ട്രാൻസിഷൻ ഇഫക്റ്റുകൾ നൽകുന്നതിന്റെ അനൗചിത്യവും വിദ്യാർഥികളെ ബോധ്യപ്പെടുത്തണം.

#### ട്രാൻസിഷൻ സമയദൈർഘ്യം ക്രമീകരിക്കുന്നവിധം

വീഡിയോ ഫയലുകൾക്കിടയിൽ ഉൾപ്പെടുത്തിയ ട്രാൻസിഷന്റെ സമയം Resize tool ഉപയോഗിച്ച് ക്രമീകരിക്കാൻ സാധിക്കും . അതിനായി Resize tool ൽ ക്ലിക്ക് ചെയ്ത് ട്രാൻസിഷന്റെ ആദ്യ ഭാഗത്തോ അവസാന ഭാഗത്തോ ക്ലിക്ക് ചെയ്ത് ആവശ്യത്തിനനുസരിച്ച് മുന്നോട്ടോ പിന്നോട്ടോ ഡ്രാഗ് ചെയ്താൽ മതി. (ചിത്രം : 9.3) ശബ്ദചലച്ചിത്ര ഫയലുകളുടെയും സമയ ദൈർഘ്യവും ഈ ടൂൾ ഉപയോഗിച്ച് ക്രമീകരിക്കാൻ സാധിക്കും. ട്രാൻസിഷനിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Remove Transition ക്ലിക്ക് ചെയ്താണ് ട്രാൻസിഷൻ ഇഫക്ടിനെ ഡിലീറ്റ് ചെയ്യുന്നത്.




ചിത്രം 9.3

#### വീഡിയോ ഓഡിയോ ട്രാക്കുകൾ

വീഡിയോ/ഓഡിയോ ഫയലുകളെ വേർതിരിക്കുന്നതും എഡിറ്റ് ചെയ്യുന്നതും ടൈം ലൈനിലെ ഓഡിയോ/വീഡിയോ ട്രാക്കുകളിൽ വച്ചാണ്. സാധാരണയായി വീഡിയോ എഡിറ്റിംഗ് സോഫ്റ്റ്‌വെയറുകളിൽ ശബ്ദ ഫയലുകൾക്കും ചലച്ചിത്ര ഫയലുകൾക്കും വെവ്വേറെ ട്രാക്കുകൾ തന്നെയുണ്ടാവും. എന്നാൽ Open shot ന്റെ നിലവിലുള്ള പതിപ്പിൽ (version 1.22) വീഡിയോ/ഓഡിയോ ഫയലുകൾക്ക് വെവ്വേറെ ട്രക്കുകളില്ല. ട്രാക്കിലുള്ള വീഡിയോ ഐക്കണിൽ (eye icon) ക്ലിക്ക് ചെയ്ത് വീഡിയോ ഡിസേബിൾ ചെയ്താൽ പ്രസ്തുത ട്രാക്ക് ഓഡിയോ ട്രാക്കായി മാറുന്നു. അതുപോലെ ഓഡിയോ ഐക്കണിൽ (speaker icon) ക്ലിക്ക് ചെയ്ത് മാത്രമാക്കിയും മാറ്റാവുന്നതാണ്. ടൈംലൈനിൽ പുതിയ ട്രാക്കുകൾ ഉൾപ്പെടുത്താനും ഒഴിവാക്കാനും ട്രാക്കിൽ Right Click ചെയ്ത് Add Track Above/Add Track Below, Remove Track എന്നിവയിൽ ക്ലിക്ക് ചെയ്താൽ മതി.

## Transition/Mask Properties

ട്രാൻസിഷൻ എഡിറ്റ് ചെയ്യാൻ റൈറ്റ് ചെയ്ത് Transition/Mask Properties ജാലകം തുറന്ന് Type, Softness എന്നിവയിൽ മാറ്റങ്ങൾ വരുത്തി Apply നൽകിയാൽ മതി.

**ദൃശ്യങ്ങളുടെ ലയം**


ആശയസംവേദനത്തിനായി ട്രാൻസിഷൻ ഇഫക്ടുകളെ മാത്രമല്ല, വീഡിയോ ഇഫക്ടുകളെയും ഉപയോഗിക്കാം എന്ന ധാരണ വിദ്യാർഥികൾക്ക് ലഭിക്കണം. ടി.ബി. ചിത്രം 9.7 ൽ ട്രാൻസിഷൻ ഇഫക്ടിനെക്കുറിച്ച് പറയുന്ന സൂചനകൾ ഇതിനായി ഉപയോഗിക്കാം. വ്യത്യസ്ത സ്ഥലകാലങ്ങളെ അടുത്തടുത്ത സീനുകളിൽ അവതരിപ്പിക്കുമ്പോൾ ആദ്യ സീനിന്റെ അവസാനം Fade out എന്ന ഇഫക്ടും തുടർന്ന് വരുന്ന സീനിന് Fade in ഉം നൽകാം.

## Clip properties

ട്രാക്കിൽ ഉൾപ്പെടുത്തിയ ശബ്ദചലച്ചിത്ര ഫയലുകളിൽ റൈറ്റ് ക്ലിക്ക് ചെയ്താണല്ലോ Fade in, Fade out തുടങ്ങിയ ഇഫക്ടുകൾ നൽകുന്നത്. എന്നാൽ ഈ ഫയലിന്റെ പ്രോപർട്ടീസ് ജാലകത്തിൽ പ്രവേശിച്ചാൽ ഫയലുകൾക്ക് ഇഫക്ടുകൾ നൽകുക, ഒഴിവാക്കുക തുടങ്ങി അനേകം കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അതിനായി ഫയലിൽ Right Click-Properties ക്രമത്തിൽ Clip properties (ചിത്രം : 9.4)ജാലകത്തിൽ പ്രവേശിച്ച് വിവിധ ടാബുകൾ തെരഞ്ഞെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി Apply ക്ലിക്ക് ചെയ്താൽ മതി. ഇതിലുള്ള Effects ടാബിൽ ക്ലിക്ക് ചെയ്ത് Add/Remove വഴി വീഡിയോ/ഓഡിയോ ഇഫക്ടുകൾ നൽകാനും ഒഴിവാക്കാനും സാധിക്കും. Function Tab ലെ Effects ജാലകം തുറന്ന് ഇഫക്ടുകൾ ഫയലുകളിലേക്ക് ഡ്രാഗ് ചെയ്തും ഫയലുകൾക്ക് ഇഫക്ടുകൾ നൽകാം.

### വീഡിയോ ഇഫക്ട് Speed / Slow Motion

ചലച്ചിത്ര ഫയലിന്റെ Clip properties ജാലകത്തിലെ Speed ടാബിൽ പ്രവേശിച്ച് Speed ലിസ്റ്റിൽ നിന്നും Normal Speed ന് പകരം ½ സെലക്ട് ചെയ്താൽ slow motion ൽ വീഡിയോ പ്രവർത്തിക്കുന്നതായി കാണാം.





ചിത്രം 9.4

ശബ്ദഫയലുകളിൽ Fade in, Fade out തുടങ്ങിയ ഇഫക്ടുകൾ നൽകാൻ Audio ടാബിൽ ക്ലിക്ക് ചെയ്ത് Fade in, Fade out എന്നിവയിൽ ടിക്ക് മാർക്ക് നൽകിയാൽ മതി.

**വീഡിയോ ഫ്രെയിം**

നിശ്ചല ചിത്രങ്ങളുടെ ഒരു ശ്രേണിയെ തുടർച്ചയായി കാണിക്കുന്നതാണല്ലോ ചലച്ചിത്രത്തിലൂടെ ചെയ്യുന്നത്. വീഡിയോ ക്ലിപ്പുകളിലെ ഈ ഓരോ നിശ്ചല ചിത്രത്തേയും ഫ്രെയിം എന്ന് വിളിക്കാം. സാധാരണയായി ചലച്ചിത്രങ്ങളിൽ ഒരു സെക്കന്റിൽ 24 ഫ്രെയിമുകളാണ് (24 frame per second) ഉപയോഗിക്കുന്നത്. എന്നാൽ 25, 30 എന്നീ frame rate ഉം ചലച്ചിത്രങ്ങളിൽ ഉപയോഗിക്കാറുണ്ട്. 5 മിനുട്ട് ദൈർഘ്യമുള്ള ഒരു ചലച്ചിത്രത്തിൽ എത്ര ഫ്രെയിമുകൾ ഉൾക്കൊള്ളുന്നുണ്ടെന്ന് ഊഹിക്കാവുന്നതേയുള്ളു. അതുകൊണ്ട് തന്നെയാണ് വീഡിയോ ഫയലുകൾക്ക് ഉയർന്ന ഫയൽ വലിപ്പം (file size) കൈവരുന്നതും, ഫ്രെയിമുകളുടെ എണ്ണം കുറയുന്നതിനനുസരിച്ച് കഥാപാത്രങ്ങളുടെ സ്വാഭാവിക ചലനങ്ങളിലും മാറ്റമുണ്ടാവും. അനിമേഷൻ ചിത്രങ്ങളിൽ ഈ സങ്കേതമാണ് ഉപയോഗിക്കുന്നത്.




ചിത്രം 9.5

ചിത്രത്തിലെ ആദ്യ ഫ്രെയിമും അവസാന ഫ്രെയിമും തമ്മിലുള്ള വ്യത്യാസം നോക്കൂ.

**സംഭാഷണം ഉൾപ്പെടുത്താം**


സംഭാഷണം റെക്കോർഡ് ചെയ്യേണ്ടതുണ്ടെങ്കിൽ മുൻ അധ്യായത്തിൽ പരിചയപ്പെട്ട ഓഡാസിറ്റി ഉപയോഗിക്കാം. ശബ്ദം നൽകാൻ പ്രത്യേകം അഭിരുചിയുള്ള വിദ്യാർഥികളെ കണ്ടെത്തുന്നത് ഉചിതമായിരിക്കും. റെക്കോർഡ് ചെയ്യുന്ന ശബ്ദഫയലുകൾ സേവ് ചെയ്യുമ്പോൾ കഥാസന്ദർഭത്തിൻ യോജിക്കുന്ന ഫയൽ നാമം നൽകുക. പിന്നീട് ഓപ്പൺ ഷോട്ടിൽ അവ ഉൾപ്പെടുത്തുമ്പോൾ ഫയലുകളെ കണ്ടുപിടിക്കാൻ ഇത് കൂടുതൽ സഹായകമാവും. ശബ്ദഫയലുകളെ ചലച്ചിത്രഫയലുകളിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനത്തിന് ടി.ബി. ചിത്രം 9.8 ലെ സൂചനകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

**ടൈറ്റിലുകൾ വേണം**

തയ്യാറാക്കുന്ന ചലച്ചിത്രത്തിന് Titles, Credits എന്നിവ ഏതൊക്കെ നൽകണം എന്ന് ലിസ്റ്റ് ചെയ്തതിന് ശേഷമാണ് ടൈറ്റിൽ എഡിറ്ററിനെ പരിചയപ്പെടുത്തേണ്ടത്. ചലച്ചിത്രത്തിന്റെ അവസാനം നൽകുന്ന ടൈറ്റിലുകളാണ് credits. സാധാരണ

രീതിയിൽ Crawl ചെയ്യുന്ന (താഴെ നിന്ന് മുകളിലേക്ക് ചലിക്കുന്ന) രീതിയിലാണ് ഇവയെ ഉൾപ്പെടുത്താറുള്ളത്.

ടൈറ്റിൽ എഡിറ്ററിലെ Start here എന്നതിന് താഴെയുള്ള ആദ്യ ലിസ്റ്റിൽ നിന്നാണ് ടെംപ്ലേറ്റ് തെരഞ്ഞെടുക്കേണ്ടത്. തൊട്ടു താഴെയുള്ള എഡിറ്റിംഗ് ടൂളുകൾ ഉപയോഗിച്ച് ടെക്സ്റ്റ് സ്റ്റൈൽ, ടെക്സ്റ്റ് നിറം, പശ്ചാത്തല നിറം എന്നിവ തെരഞ്ഞെടുക്കാം. ടൈറ്റിലിനെ കൂടുതൽ ആകർഷകമാക്കാൻ Use Advanced Editor ൽ ക്ലിക്ക് ചെയ്ത് Inkscape Vecter Graphic Editor ൽ ടൈറ്റിലിനെ ഓപ്പൺ ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി സേവ് ചെയ്താൽ മതി. പ്രോജക്ട് ഫയൽ സേവ് ചെയ്ത സ്ഥലത്ത് thumbnailഎന്ന പ്രത്യേക ഫോൾഡറിലാണ് ടൈറ്റിലുകൾ സേവ് ആവുന്നത്. എഡിറ്റിംഗ് ജാലകത്തിൽ ഫങ്ഷൻ ടാബിലെ Project Files എന്ന ഭാഗത്തും ഇവ ഉണ്ടാവും. ഇവിടെ നിന്ന് ടൈംലൈനിലേക്ക് ടൈറ്റിലുകളെ ഡ്രാഗ് ചെയ്യാവുന്നതാണ്. ഒരു ടൈറ്റിലിനെ എഡിറ്റ് ചെയ്യാൻ Project Files ൽ വച്ചോ ടൈംലൈനിൽ വച്ചോ ടൈറ്റിലിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Edit Title (Simple) ക്ലിക്ക് ചെയ്ത് ടൈറ്റിൽ എഡിറ്ററിൽ തുറക്കുക. ശേഷം ഫയലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി Apply നൽകിയാൽ മതി.




ചിത്രം 9.6

### Crawl ചെയ്യുന്ന ടൈറ്റിലുകൾ

Crawl ചെയ്യുന്ന ടൈറ്റിലുകളെ ഓപ്പൺ ഷോട്ടിലെ Preset അനിമേഷനുകൾ ഉപയോഗിച്ച് തയ്യാറാക്കാൻ സാധിക്കും. അതിനായി ഒരു സ്ലൈഡിൽ ഒന്നോ രണ്ടോ ടൈറ്റിൽ എന്ന രീതിയിൽ എല്ലാ ടൈറ്റിലുകളും തയ്യാറാക്കി സേവ് ചെയ്യുക. ശേഷം Project Files ൽ നിന്നും ഇവ ഓരോന്നിനെയും മുകളിലും താഴെയുമുള്ള അടുത്തടുത്ത ട്രാക്കിലേക്ക് ഡ്രാഗ് ചെയ്തിടുക. ഇനി ഓരോ ടൈറ്റിലിലും റൈറ്റ് ക്ലിക്ക് ചെയ്ത് Animate-Bottom to Top നൽകിയതിന് ശേഷം സ്ലൈഡുകളെ ചിത്രത്തിലേത് (ചിത്രം 9:6) പോലെ ട്രാക്കിൽ ക്രമീകരിച്ചാൽ മതി.

എക്സ്പോർട്ട് ചെയ്യാം

പ്രൊജക്ട് ഫയലിനെ എക്സ്പോർട്ട് ചെയ്യാൻ താഴെയുള്ള value കൾ നൽകാം.

**Simple Mode**

| Format | Profile | Target | Video Profile | Qualtiy |
|---|---|---|---|---|
| DVD ഫോർമാറ്റിലേക്ക് (.dvd) | DVD | DVD-PAL | DV PAL | High |
| Mpeg ഫോർമാറ്റിലേക്ക് (.mpeg) | All Formats | MPEG(mpeg2) | DV PAL | High |
| MOV ഫോർമാറ്റിലേക്ക് (.mov) | All Formats | MOV(h.264) | DV PAL | High |
| AVI ഫോർമാറ്റിലേക്ക് (.avi) | All Formats | AVI(mpeg2) | DV PAL | High |

Video CD (VCD) നിർമ്മിക്കാൻ .mpg ഫോർമാറ്റിലേക്ക് പ്രോജക്ട് ഫയലിനെ എക്സ്പോർട്ട് ചെയ്യേണ്ടതുണ്ട്. അതിനായി താഴെയുള്ള Value തെരഞ്ഞെടുക്കാം.

| Simple Mode | | | |
|---|---|---|---|
| Profile | Target | Video Profile | Qualtiy |
| All Formats | MPEG(mpeg2) | VCD PAL | High |

**Animated Title Editor**

Open Shot ന്റെ പുതിയ പതിപ്പ് (1.2.0) മുതൽ Blender ഉപയോഗിച്ച് ത്രിമാന 3D അനിമേഷൻ ടൈറ്റിലുകൾ നിർമ്മിക്കാനുള്ള സൗകര്യം കൂടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് Blender ന്റെ 2.5 ന് മുകളിലുള്ള പതിപ്പ് ഇൻസ്റ്റാൾ ചെയ്യണം. ഉബുണ്ടു 10.04 ൽ blender - 2.55 പതിപ്പിന്റെ executable ഫയൽ ഉപയോഗിച്ചും ഓപ്പൺ ഷോട്ടിൽ ത്രിമാന അനിമേഷൻ ടൈറ്റിലുകൾ നിർമ്മിക്കാം. അതിനായി http://www.sfr-fresh.com/linux/misc/blender-2.55-beta-linux-glibc27-i686.tar.gz എന്ന ലിങ്ക് ഉപയോഗിച്ച് blender-2.55 പതിപ്പ് ഡൗൺലൗഡ് ചെയ്യുക. ശേഷം studio nautilus /opt എന്ന കമാന്റ് ടെർമിനൽ നൽകി എന്റർ ചെയ്ത് ഫയൽ സിസ്റ്റത്തിനകത്തെ opt എന്ന ഫോൾഡർ തുറക്കുക. ഇനി ഡൗൺലോഡ് ചെയ്ത

blender-2.55-beta-linux-glibc27-i686.tar.bz2 എന്ന ഫയൽ റൈറ്റ് ക്ലിക്ക് ചെയ്ത് extract ചെയ്യുക. ശേഷം extract ചെയ്ത blender-2.55-beta-linux-glibc27-i686 എന്ന ഫോൾഡർ കോപ്പി ചെയ്ത് opt എന്ന ഫോൾഡറിൽ പേസ്റ്റു ചെയ്യുക. ഇനി ഓപ്പൺഷോട്ട് തുറന്ന് Edit-preferences ജാലകത്തിലെ Blender Executable എന്ന തിന് നേരെയുള്ള blender executable ഫയലിന്റെ path name നൽകുക. ഉദാഹ രണമായി blender-2.55-beta-linux-glibc27-i686 എന്ന ഫോൾഡറാണ് നാം opt യിൽ പേസ്റ്റ് ചെയ്തതെങ്കിൽ path name ഇപ്രകാരമായിരിക്കും. /opt/blender-2.55-beta-linux-glibc27-i686/blender.

3D അനിമേഷൻ ടൈറ്റിലുകൾ തയാറാക്കാൻ Title → New Animated Title എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ടൈറ്റിൽ ജാലകം തുറക്കുക. ടൈറ്റിൽ ജാലകത്തിന്റെ ഇടത് ഭാഗത്ത് നിന്നും അനുയോജ്യമായ ടെംപ്ലേറ്റിൽ സെലക്ട് ചെയ്ത് ആവശ്യ മായ ടൈറ്റിലുകളും മറ്റും നല്കി താഴെയുള്ള Render ക്ലിക്ക് ചെയ്യുക. ഉയർന്ന പ്രവർത്തനക്ഷമതയുള്ള കമ്പ്യൂട്ടറിൽ മാത്രമേ ഈ പ്രവർത്തനം നടത്താൻ സാധിക്കൂ.